ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.09.2026**

## പ്രധാനവാർത്തകൾ

1. പ്രതിരോധ സഹകരണം, പുനരുപയോഗ ഊർജ്ജം, സൈബർ കുറ്റകൃത്യങ്ങൾ, തുടങ്ങിയ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്താൻ ധാരാണപത്രങ്ങൾ കൈമാറി ഇന്ത്യയും ബെൽജിയവും.

2. ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നാളെ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിക്കും.

3. സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു.

4. ശബരിമല സ്വർണ അപഹരണ കേസിൽ ഈ മാസം 25നകം അന്തിമ കുറ്റപത്രം സമർപ്പിക്കുമെന്ന് പ്രത്യേക അന്വേഷണ സംഘം ഹൈക്കോടതിയിൽ.

5. കേരളത്തിൽ സവാള വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ 100 ടൺ സവാള ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായി കൃഷി മന്ത്രി ടി. സിദ്ദിഖ്.

RNU TVPM

6. വനിതാ ടി–20 ഏഷ്യാ കപ്പ്
ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ- ഹോങ്കോങ്ങ് പോരാട്ടം.

****************

## പ്രധാനമന്ത്രി (ഇൻട്രോ)

പ്രധാനമന്ത്രി നരേന്ദ്ര മോദി ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. പ്രതിരോധ സഹകരണം, പുനരുപയോഗ ഊർജ്ജം, സൈബർ കുറ്റകൃത്യങ്ങൾ, തുടങ്ങിയ മേഖലകളിൽ ഇരു രാജ്യങ്ങളും നിരവധി കരാറുകൾ കൈമാറി. പരസ്പര താത്പര്യമുള്ള ആഗോള- പ്രാദേശിക വിഷയങ്ങളിൽ ഇരുവരും ചർച്ച നടത്തി. വെല്ലുവിളി നിറഞ്ഞ സാഹചര്യത്തിലും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ വളർച്ചാ വേഗത നിലനിർത്തിയിട്ടുണ്ടെന്നും ഇത് ലോകത്തിന് മുഴുവൻ ആത്മവിശ്വാസം പകരുന്നതാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.
**(ഹോൾഡ് വോയ്സ്..........)**
മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ഇന്നലെയാണ് ബെൽജിയം പ്രധാനമന്ത്രി ഡൽഹിയിലെത്തിയത്.

RNU TVPM

****************

## ഐഎസ്ആർഒ

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55ന് GSLV– F17 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്.

****************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിച്ചു. ഈ

മാസം 28 നാണ് ഉപതിരഞ്ഞെടുപ്പ്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറുമണി വരെയാണ് വോട്ടെടുപ്പ്. 29 നാണ് വോട്ടെണ്ണൽ. നാമ നിർദ്ദേശ പത്രിക ഇന്ന് മുതൽ ഈ മാസം 10 വരെ സമർപ്പിക്കാം.

****************

## ടി സിദ്ദിഖ്

കേരളത്തിൽ സവാള വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ 100 ടൺ സവാള ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായി കൃഷി മന്ത്രി ടി. സിദ്ദിഖ്. 35 രൂപയായിരിക്കും കിലോക്ക് വില ഈടാക്കുക എന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓണത്തിനു ശേഷവും പച്ചക്കറി വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ അവശ്യമായ പച്ചക്കറി എത്തിക്കാൻ ഉള്ള ഇടപെടൽ ഉണ്ടാകും. ബോധപൂർവ്വം വിലവർദ്ധിപ്പിക്കാൻ ഉള്ള ശ്രമം അനുവദിക്കില്ല എന്നും മന്ത്രി വ്യക്തമാക്കി.

****************

## പ്രത്യേക അന്വേഷണ സംഘം (ഇൻട്രോ)

മെസ്സി വിവാദത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അന്വേഷണത്തിന് ADGP പി. വിജയൻ നേതൃത്വം നൽകുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇടുക്കിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്...........)

കുന്നംകുളം പൊലീസ് മർദന പരാതിയിൽ വിഎസ് സുജിതിന്റെ പരാതി ഡിജിപിക്ക് കൈമാറിയെന്നും റിപ്പോർട്ട് കിട്ടിയാൽ കൂടുതൽ നടപടി ഉണ്ടാകുമെന്നും ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

****************

## ശബരിമല

ശബരിമല സ്വർണ അപഹരണ കേസിൽ ഈ മാസം 25നകം കൊല്ലം വിജിലൻസ് കോടതിയിൽ അന്തിമ കുറ്റപത്രം സമർപ്പിക്കുമെന്ന് പ്രത്യേക അന്വേഷണ സംഘം ഹൈക്കോടതിയെ അറിയിച്ചു. എസ്ഐടിയുടെ അന്വേഷണ

RIU TVPM

പുരോഗതിയിൽ കേസ് പരിഗണിച്ച ദേവസ്വം ബെഞ്ച് തൃപ്തി രേഖപ്പെടുത്തി. അന്വേഷണം എത്രയും വേഗം പൂർത്തിയാക്കണമെന്ന് കോടതി നിർദേശിച്ചു. ജംഷഡ്പൂരിലെ ശാസ്ത്രീയ പരിശോധനാ ലാബിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കാൻ കാലതാമസം നേരിട്ടതാണ് കുറ്റപത്രം സമർപ്പിക്കാൻ വൈകിയതെന്ന് എസ് ഐ.ടി വ്യക്തമാക്കി.

****************

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ സമഗ്ര സുരക്ഷാ പരിശോധനയ്ക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കാമെന്ന് സുപ്രീം കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി. കേരളത്തിൻറെ ആവർത്തിച്ചുള്ള ആവശ്യത്തെ തുടർന്നാണ് യോജിപ്പ് അറിയിച്ചത്. അണക്കെട്ടിൻറെ പ്രളയ സുരക്ഷ, ഘടനാപരമായ സ്ഥിതി, ഭൂകമ്പ സാധ്യത, സീപ്പേജ് സംബന്ധിച്ച വിഷയങ്ങൾ എന്നീ പരിശോധനകളാണ് കേരളം ആവശ്യപ്പെട്ടത്.

****************

## അഷ്ടമിരോഹിണി

അഷ്ടമിരോഹിണി മഹോത്സവം നാളെ. സംസ്ഥാനത്തെ പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി. ഗുരുവായൂർ ക്ഷേത്രദർശനത്തിന് എത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് ഉണ്ടായിരിക്കും. പ്രത്യേക ദർശനങ്ങൾക്ക് നാളെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്. ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയോടനുന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് ഏഴ് വരെ ഗതാതഗത നിയന്ത്രണം ഏർപ്പെടുത്തി. പാളയം മുതൽ കിഴക്കേക്കോട്ട വരെയാണ് നിയന്ത്രണം.

****************

PRU TVPM

# <u>ആറന്മുള പാർത്ഥസാരഥി (INTRO)</u>

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രസിദ്ധമായ അഷ്ടമി രോഹിണി വള്ള സദ്യ നാളെ നടക്കും. ഇതിനോടനുബന്ധിച്ച് കോട്ടയം ജില്ലയിലെ ചേനപ്പാടി കരക്കാർ ആറൻമ്മുളയിലെത്തി പാളത്തൈര് സമർപ്പണം നടത്തി. വിപുലമായ ഒരുക്കങ്ങളാണ് ആറന്മുള പാർത്ഥസാരഥിയുടെ പിറന്നാൾ സദ്യക്കായി നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**
**(വോയ്സ്)**

****************

# <u>കെ എസ് ഇ ബിയുടെ അറിയിപ്പ്</u>

സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തും. വൈകിട്ട് 6.30 മുതൽ രാത്രി 12 മണി വരെയായിരിക്കും നിയന്ത്രണം. ഇന്നലെ വൈകിട്ടും സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

RNU TVPM

****************

# <u>എംപ്ലോയിമെൻറ്</u>

വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കൃത്യസമയത്ത് പുതുക്കാൻ കഴിയാതിരുന്നവർക്ക് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കി നൽകാൻ സർക്കാർ തീരുമാനിച്ചു. 2025 ജനുവരി 1 മുതൽ 2026 ഓഗസ്റ്റ് 31 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കാൻ സാധിക്കാത്തവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. അർഹരായ ഉദ്യോഗാർത്ഥികൾക്ക് ഒക്ടോബർ 31 വരെ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

****************

# <u>വനിതാ ടി–20</u>

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ദുബായ്

ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത ഇന്ത്യക്ക് ഇന്നു വിജയിച്ചാൽ സെമി ഫൈനൽ ഉറപ്പാക്കാം.

****************

## ബാഡ്മിന്റൺ

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത് പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ലോക ഒൻപതാം റാങ്കുകാരനായ കാനഡയുടെ വിക്ടർ ലായിയെയാണ് ശ്രീകാന്ത് പരാജയപ്പെടുത്തിയത്. ക്വാർട്ടറിൽ ഹോങ്കോങ്ങിന്റെ ലീ ച്യുക് യു ആണ് എതിരാളി.

****************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 417 പോയിന്റ് നഷ്ടത്തിൽ 76,153 ലും നിഫ്റ്റി 41 പോയിന്റ് നഷ്ടത്തിൽ 23,873 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില ഉയർന്നു. പവന് 2,440 രൂപ വർധിച്ച് ഒരു ലക്ഷത്തി 13,920 രൂപയും ഗ്രാമിന് 14,240 രൂപയുമാണ് ഇന്നത്തെ വില.

****************

## തൂഫാൻ -ചെന്നിത്തല

ഓരോ കുടുംബവും ഓപ്പറേഷൻ തൂഫാന്റെ ഭാഗമാകണമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഇടുക്കി ജില്ലാതല 'തൂഫാൻ ജാഗരൺ' പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ഇതുവരെ 10,748 പേരെ അറസ്റ്റ് ചെയ്യുകയും ഒൻപതിനായിരത്തിലധികം കേസുകൾ രജിസ്റ്റർ ചെയ്യുകയും 170 കോടിയോളം രൂപയുടെ മയക്കുമരുന്ന് പിടികൂടുകയും ചെയ്തതായി മന്ത്രി വ്യക്തമാക്കി.

****************

## പ്രശാന്തിന് ജാമ്യം

ശബരിമല കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി എസ് പ്രശാന്തിന് ജാമ്യം. ആരോഗ്യസ്ഥിതി

RNUTVPM

പരിഗണിച്ചാണ് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചത്. കേസിൽ അറസ്റ്റിലായ

പി എസ് പ്രശാന്ത്, 43 ദിവസമായി ജയിലിലാണ്.

****************

## ഐ.ടി.ഐ അഡ്മിഷൻ

സംസ്ഥാന യുവജനോത്സവ വിജയികൾക്ക് ഐ.ടി.ഐ പ്രവേശനത്തിൽ പ്രത്യേക ബോണസ് മാർക്ക് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചു. മുൻപ് നിലവിലുണ്ടായിരുന്ന 'പേഴ്സന്റേജ് ഗ്രേസ് മാർക്ക്' രീതി ഒഴിവാക്കിക്കൊണ്ടാണ് തൊഴിലും നൈപുണ്യവും- വ്യവസായിക പരിശീലന വകുപ്പ് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

****************

## കോട്ടയം കവർച്ച

കോട്ടയം നാഗമ്പടത്തുള്ള റിലയൻസ് ഡിജിറ്റൽ ഷോപ്പിൽ നിന്നും ഏകദേശം 60 ലക്ഷം രൂപ വിലമതിക്കുന്ന ഇലക്ട്രോണിക് സാധനങ്ങൾ മോഷ്ടിച്ച സംഭവത്തിൽ രണ്ട് ജീവനക്കാർ പിടിയിലായി. മോഷണം നടന്ന് 73 ദിവസങ്ങൾക്ക് ശേഷമാണ് പ്രതികൾ പോലീസിന്റെ പിടിയിലാകുന്നത്. 73 ലാപ് ടോപ്പും, ഐ ഫോണുകളും, ഐപാഡുകളുമാണ് കാണാതായത്.

RNU TVPM

****************

*********

***